LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2014-15, 2015-16 സാമ്പത്തിക വർഷം ഹാഡ പദ്ധതിയിൻകീഴിൽ നാളിതുവരെ മരാമത്ത് പണികൾക്കായി ഭരണാനുമതി ഒന്നും നൽകിയിട്ടില്ല

**കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം**

62 (†1436) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ 2016 ജനുവരി 31 വരെ വിവിധ വകുപ്പുകളുടെ പ്ലാൻ ഫണ്ട് വിഹിതത്തിൽ എത്ര ശതമാനം തുക ചെലവഴിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ടിയിരുന്ന തുകയും, ലഭിച്ച തുകയും, ചെലവഴിച്ച തുകയും, വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(സി) പുതിയ എത്ര കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പുസാമ്പത്തിക വർഷത്തിൽ ആരംഭിക്കാൻ കഴിഞ്ഞത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ 2016 ജനുവരി 31 വരെ വിവിധ വകുപ്പുകൾ പ്ലാൻ ഫണ്ട് വിഹിതത്തിൽ ചെലവഴിച്ച വകുപ്പുതിരിച്ച കണക്ക് (താൽക്കാലികം) അനുബന്ധമായി* നൽകുന്നു.

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന 7686.32 കോടി രൂപയിൽ 5811.36 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ട്. 31-1-2016 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 2352.56 കോടി രൂപ (31%) ചെലവഴിച്ചിട്ടുണ്ട്.

(സി) 2015-16 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 18 എണ്ണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ പദ്ധതികൾക്കായി വകയിരുത്തിയ 3810.77 കോടി രൂപയിൽ 31-1-2016 പ്രകാരം 1351.88 കോടി രൂപ (35%) ചെലവഴിച്ചിട്ടുണ്ട്.

---

†മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്